# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4957

27.06.2019 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br><br>മുഖ്യമന്ത്രി |
| (എ)സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനത്തിന് റിയാബിനെ ഒഴിവാക്കി പ്രൊഫഷണൽ സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർ മാരുടെ നിയമനത്തിന് ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാൻ ആയി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (PESB) പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിൽ റിയാബ് ചെയർമാനും അംഗമാണ്. |
| (ബി)പ്രസ്തുത സെലക്ഷൻ ബോർഡിലെ അംഗങ്ങൾ ആരാക്കെയാണെന്ന് അറിയിക്കുമോ; | (ബി) | 13/12/2018-ലെ സ.ഉ.(എം.എസ്) 30/2018/ പി&ഇ.എ പ്രകാരം PESB യുടെ അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br>(1)ജസ്റ്റിസ് കെ. കെ. ദിനേശൻ- ചെയർമാൻ, ഹൈക്കോടതി ജഡ്ജി (Rtd.) നിലവിൽ ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (Local Self Government Institutions)<br>(2)ചീഫ് സെക്രട്ടറി - അംഗം<br>(3)അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - മെമ്പർ സെക്രട്ടറി<br>(4)സെക്രട്ടറി, വ്യവസായ വകുപ്പ് - അംഗം.<br>(5)ചെയർമാൻ, പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേർണൽ ഓഡിറ്റ് ബോർഡ് (RIAB) - അംഗം |
| (സി) ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനമാണ് ഈ ബോർഡ് രൂപീകരിച്ചശേഷം നടത്തിയതെന്ന് വെളിപ്പെടുത്തുമോ; | (സി) | താഴെ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർ മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.<br>(1) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്.<br>(2) മലബാർ സിമന്റ്സ് ലിമിറ്റഡ്<br>(3) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്<br>(4) കേരള സ്റ്റേറ്റ് മിനറൽ |

ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
(5) കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്
(6) കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
(7) സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
(8) കേരള സ്റ്റേറ്റ് ഹാൻഡ് ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
(9) ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്

| | |
|---|---|
| (ഡി) പ്രൊഫഷണൽ സെലക്ഷൻ ബോർഡ് രൂപീകരിച്ചശേഷം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിലെ എം.ഡി. ഉൾപ്പെടെയുള്ള ഉന്നത നിയമനങ്ങൾ പ്രസ്തുത ബോർഡുവഴി അല്ലാതെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ എന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ? | (ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി. മാരെ നിയമിക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (PESB)പുനർ രൂപീകരിച്ചത് 26/05/2018-ലെ GO(Ms) No. 16/2018/P&EA ഉത്തരവ് പ്രകാരമാണെങ്കിലും ബോർഡ് പൂർണ്ണ തോതിൽ പ്രവർത്തനമാരംഭിച്ചത് 04/02/2019-ൽ ആണ്. ബഹു. മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്നത് 27/06/2019- ലാണ്. ഈ കാലയളവിനുള്ളിൽ PESB മുഖേനയല്ലാതെ എം.ഡി. നിയമനം നടത്തിയ സ്ഥാപനങ്ങളുടെ പേരും അതിനുള്ള കാരണവും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാരണം |
|---|---|---|
| 1 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള | മന്ത്രിസഭാ തീരുമാനപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം (ഡെപ്യൂട്ടേഷൻ നിയമനം PESB-യുടെ പരിധിയിൽ വരുന്നില്ല) |
| 2 | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ | മന്ത്രിസഭാ തീരുമാനപ്രകാരം ഡെപ്യൂട്ടേഷൻ നിയമനം (ഡെപ്യൂട്ടേഷൻ നിയമനം PESB-യുടെ പരിധിയിൽ വരുന്നില്ല) |
| 3 | ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് | പ്രസ്തുത കാലയളവിൽ PESB-യുടെ പ്രവർത്തനം ആരംഭിച്ചിരുന്നില്ലാത്തതിനാൽ മന്ത്രിസഭാ തീരുമാനപ്രകാരം ഭരണ വകുപ്പിൽ നിന്നും നടത്തിയ നിയമനം |
| 4 | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ | പ്രസ്തുത കാലയളവിൽ PESB-യുടെ പ്രവർത്തനം ആരംഭിച്ചിരുന്നില്ലാത്തതിനാൽ മന്ത്രിസഭാ തീരുമാനപ്രകാരമുള്ള നിയമനം |
| 5 | ഹോർട്ടികോർപ്പ് | മന്ത്രിസഭാ തീരുമാനപ്രകാരമുള്ള പുനർ നിയമനം (പുനർ നിയമനം PESB-യുടെ പരിധിയിൽ വരുന്നില്ല) |

സെക്ഷൻ ഓഫീസർ